

**SHIJO K THOMAS**
CEO, OXYGEN

South India's Leading Digital Retail Chain
OXYGEN® the digital shop

# ടെക് ലോകത്തെ ജീവശ്വാസമായി ഓക്സിജൻ ഡിജിറ്റൽ ഷോപ്പ്

മോണിറ്ററുകൾക്കുള്ളിലെ കാഴ്ചകളിലേക്ക് ലോകം കയറിക്കൂടിയിട്ട് നാളുകളേറെയായിട്ടില്ല. ഇക്കാലമത്രയും ഒരു ക്ലിക്കിനപ്പുറം വിവരസാങ്കേതികതയുടെ ഉന്നത തലങ്ങളെ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിന്ന സ്ഥാപനങ്ങളും ഏറെയാണ്. ഇത്തരത്തിൽ കേരളത്തിൽ കമ്പ്യൂട്ടർ പ്രചാരത്തിൽ എത്തിതുടങ്ങിയ തൊണ്ണൂറുകൾ മുതൽക്കെ തന്നെ രംഗത്തെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ഓക്സിജൻ ഡിജിറ്റൽ ഷോപ്പ്. ഓസോൺ എന്ന പേരിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനം ഇതിന്റെ തുടർച്ചയെന്നോണം തന്നെ ഓക്സിജനെയും വാർത്തെടുക്കുകയായിരുന്നു. ഇന്ന് വിവരസാങ്കേതികതയുടെ എല്ലാ ലോകോത്തര ബ്രാൻഡുകളെയും വിപണിയിൽ അവതരിപ്പിക്കുന്ന ഓക്സിജൻ കേരളത്തിലുടനീളം ബ്രാഞ്ചുകളുള്ള വൻകിട ബ്രാൻഡായി വളർന്നുകഴിഞ്ഞു.

വിവിധ പാർട്സുകൾ വാങ്ങി യോജിപ്പിച്ച് കമ്പ്യൂട്ടർ തയ്യാറാക്കി വില്പനയ്ക്കെത്തിച്ച കാലഘട്ടത്തിൽ നിന്ന്  ഇന്ന് ലോകോത്തര ബ്രാൻഡുകളുടെ വിവിധങ്ങളായ ഉൽപന്നങ്ങൾ സജ്ജമാക്കിയാണ് ഓക്സിജൻ പ്രവർത്തനം തുടരുന്നത്. കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ പരിഷ്കാരങ്ങളും സാങ്കേതിക രംഗത്ത് വരുന്ന നവ സംവിധാനങ്ങളും കാലികമായി തന്നെ സജ്ജമാക്കിയ ഓസോൺ, ടെക് സ്റ്റോർ എന്ന പേര് അന്വർത്ഥമാക്കിക്കൊണ്ടുള്ള സേവനങ്ങളാണ് വിന്യസിച്ചിരിക്കുന്നത്. വിവരസാങ്കേതിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച മൊബൈൽ ഫോണുകളുടെ കടന്നുവരവിനെയും പിന്നീട് ഇന്നോളമുള്ള വളർച്ചയെയുമെല്ലാം മികച്ച രീതിയിൽ തന്നെ ജനങ്ങളിലേക്കെത്തിക്കാൻ ഓക്സിജന് സാധിച്ചിട്ടുണ്ട്. എക്കാലവും ഉപഭോക്താവിന് ലഭിക്കുന്ന മികച്ച സേവനങ്ങളുടെ പേരിലും വില്പനാനന്തര സർവീസുകളുടെ കരുത്തിലും ജനകീയത നിലനിർത്തിയ സ്ഥാപനം, അനുദിനം പുത്തൻ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വിപണിയെ സജീവമാക്കി നിലനിർത്തുന്നതിൽ മികച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലാപ്ടോപ്പുകളും മറ്റും ഡെമോ മാത്രം കണ്ട് ഉപഭോക്താവിന് തെരഞ്ഞെടുക്കേണ്ടിയിരുന്ന കാലഘട്ടത്തിൽ ആദ്യമായി ലാപ്ടോപ്പുകൾ ഷോറൂമിൽ തുറന്നുവെച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് തൊട്ടറിഞ്ഞ് വാങ്ങാവുന്ന വിധത്തിൽ സജ്ജമാക്കിയത് ഓക്സിജനാണ്. ഡെമോകളിലും ഫീച്ചറുകൾ അച്ചടിച്ച പേപ്പറുകളിലും മാത്രം വിശകലനം നടത്തി ഉപകരണങ്ങൾ തെരഞ്ഞെടുത്തിരുന്ന കാലഘട്ടത്തിൽ, ഉപയോഗിച്ച് ഇഷ്ടപ്പെട്ട് വാങ്ങാമെന്ന പ്രായോഗികതയെ ഉപഭോക്താക്കൾക്ക് മുന്നിലേക്ക് വെച്ച ഓക്സിജൻ കാലിക പരിഷ്കാരങ്ങളുടെ അമരത്ത് തന്നെയാണെന്ന് തെളിയിക്കുകയായിരുന്നു. കേരളത്തിലെ ടെക് വിപണിക്കൊപ്പം തന്നെ വളർന്നുവന്ന ചരിത്രമാണ് ഓക്സിജന്റേത്.

എക്കാലവും സാധാരണക്കാരന് സാധ്യമാകുന്ന വിധത്തിലേക്ക് മികച്ച സേവനങ്ങളെ എത്തിക്കാനാണ് ഓക്സിജൻ ശ്രമിച്ചിട്ടുള്ളത്. ഇന്ന് ഇഎംഐ ഉൾപ്പടെ നിരവധി സജ്ജീകരണങ്ങളും ഇതിന്റെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. വളരെ ലളിതമായ പ്രക്രിയകളിലൂടെ തന്നെ ഇഎംഐ സേവനങ്ങൾ ലഭ്യമാക്കിയിരിക്കുകയാണ്. ലോകോത്തര ബ്രാൻഡുകളുടെ മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ, കമ്പ്യൂട്ടർ ആക്സസറീസ്, ഹെഡ്ഫോൺ, ഡെസ്ക് ടോപ്പ്, ലാപ്ടോപ്പ്, സ്മാർട്ട് ഫോൺ, ഹോം അപ്ലയൻസ്, കിച്ചൺ അപ്ലയൻസ് തുടങ്ങി വിവിധ സേവനങ്ങളെ ഒരു കുടക്കീഴിൽ അവതരിപ്പിച്ചാണ് സ്ഥാപനത്തിന്റെ




പ്രവർത്തനം. അനുദിനം സേവനമികവിന്റെ പുത്തൻ തലങ്ങളിലേക്ക് പ്രയാണം തുടരുന്ന ഓക്സിജൻ, ഔട്ട്ലെറ്റുകളുടെ എണ്ണം വ്യാപിപ്പിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് സേവനം എത്തിക്കാനും ശ്രമിക്കുന്നുണ്ട്. താലൂക്ക് അടിസ്ഥാനത്തിലും മറ്റും വിഭജിച്ചാണ് സ്റ്റോറുകൾ സജ്ജമാക്കുന്നത്.

സ്വന്തം സംരംഭമെന്നത് തന്നെ വെല്ലുവിളിയായിരുന്ന കാലഘട്ടത്തിൽ വിപണിക്ക് പരിചയമില്ലാതിരുന്ന ഉൽപന്നത്തെ അവതരിപ്പിച്ച് സംരംഭകത്വത്തിലേക്ക് രംഗപ്രവേശം ചെയ്തയാളാണ് ഓക്സിജൻ സിഇഒ ഷിജോ കെ തോമസ്. വിപണി കണ്ടുശീലിക്കുന്നതിന് മുന്നേ തന്നെ പുത്തൻ സേവനങ്ങളും സജ്ജീകരണങ്ങളും വിപണിക്ക് മുന്നിൽ അവതരിപ്പിച്ച അദ്ദേഹം ഇന്നും പരിഷ്കാരങ്ങളുടെ പാത കൈവിട്ടിട്ടില്ല. കണ്ട് പരിചയിച്ച ഉൽപന്നങ്ങളും സേവനങ്ങളും എത്തിക്കുന്നതിനുപരിയായി നവ പരീക്ഷണങ്ങൾ നടത്തി വിജയം കൊയ്യാനായിരുന്നു അദ്ദേഹം ശ്രമിച്ചതും. കേരളത്തിലെ വിവര സാങ്കേതിക വിദ്യയുടെ ശൈശവ കാലഘട്ടത്തിൽ, തൊണ്ണൂറുകളുടെ പകുതിയിൽ ഐടി രംഗത്ത് ഹോൾസെയിൽ വില്പനയുമായി കടന്നെത്തി കാലമിത്രയും രംഗത്തെ മുൻനിര നാമമായി തുടർന്നതും ഇതേ പരിഷ്കാരങ്ങളുടെ പിൻബലത്തോടെ തന്നെ. പ്രസ്ഥാനത്തിന്റെ പേരിൽതന്നെ പുതുമ നടപ്പിലാക്കിയാണ് അദ്ദേഹം തുടക്കം കുറിച്ചത്. വിവര സാങ്കേതിക വിദ്യയുമായി നേരിട്ട് ബന്ധമില്ലാത്ത പേരുകൾ വേണമെന്നത് അദ്ദേഹത്തിന്റെ താത്പര്യമായിരുന്നു. ഓസോണും ഓകിസിജനുമെല്ലാം പിറവി കൊള്ളുന്നത് അങ്ങനെയാണ്. സർവ്വവ്യാപിയായ ഓക്സിജൻ എന്നപോലെ തന്നെ ഓക്സിജൻ ഡിജിറ്റൽ ഷോപ്പും സാങ്കേതിക കേരളത്തിന്റെ സർവ്വയിടങ്ങളിലും വ്യാപിച്ച് കിടക്കുന്നു.

## മാറ്റങ്ങളുടെ വിപണി

വീടുകളിലും മറ്റും ആർഭാടങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിരുന്ന ഡെസ്ക് ടോപ്പുകൾ ഇന്ന് സർവ്വസാധാരണ ഉപകരണമായി മാറിയിരിക്കുന്നു.



ലാപ്ടോപ്പുകളും മൊബൈലുകളും കടന്ന് ഇന്ന് വിപണി സ്മാർട്ട് ഫോണുകളുടെ സ്മാർട്ട് കാലത്തേക്ക് കടന്നുകഴിഞ്ഞു. അനുദിനം നിരവധി പുത്തൻ ഫോണുകളും ലക്ഷക്കണക്കിന് ആപ്ലിക്കേഷനുകളും മറ്റുമാണ് വിപണിയിലെത്തുന്നത്. ഇവയെല്ലാം സേവനത്തിലും വില്പനയിലും കൃത്യമായി വിന്യസിക്കുന്ന ഓക്സിജൻ, വിപണിയിലെ പരിഷ്കാരങ്ങൾക്കൊപ്പം തന്നെ സേവനങ്ങളെയും പരുവപ്പെടുത്തുന്നുണ്ട്. ഉൽപന്നങ്ങളുടെ മാറ്റങ്ങൾക്കൊപ്പം തന്നെ പരിഷ്കാരങ്ങൾക്ക് വിധേയമാവേണ്ട ഘടകമാണ് സേവനവും. എത്ര തന്നെ പുത്തൻ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയാലും ഉപഭോക്താവിന് ലഭിക്കുന്ന അന്തരീക്ഷം ഏതൊരു പ്രസ്ഥാനത്തിന്റെയും വളർച്ചയുടെ പ്രധാന ഘടകമാണ്. ഇക്കാര്യത്തിൽ ഓക്സിജൻ ഉന്നത നിലവാരമാണ് പുലർത്തുന്നത്. പരിചയ സമ്പന്നരായ ജീവനക്കാരെ വിന്യസിച്ചിരിക്കുന്ന ഓക്സിജൻ ഉപഭോക്താക്കൾക്ക് നല്കുന്നത് മികച്ച സൗഹാർദ അന്തരീക്ഷം കൂടിയാണ്. ഓരോ ഔട്ട്ലെറ്റുകളും സജ്ജമാക്കിയിരിക്കുന്നത് പോലും മികച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടാണ്. മികച്ച സർവീസ് സൗകര്യങ്ങളും എല്ലാ ഷോറൂമുകളിലും ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ പുതിയ ഫ്രാഞ്ചൈസികൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. അത്തരത്തിൽ സംരംഭക ലോകത്ത് മുൻനിരയിൽ പ്രയാണം തുടരുന്നതിനൊപ്പം തന്നെ നവ സംരംഭകരെ രംഗത്തേക്ക് കൈ പിടിച്ചുയർത്താനും ഓകിസിജൻ ശ്രമിക്കുന്നുണ്ട്. സംരംഭമെന്ന നിലയിൽ വളരെ മികച്ച മേഖലയാണ് ഇതെന്നാണ് ഷിജോയുടെ അഭിപ്രായം. അനുദിനം പുതിയ മോഡലുകളും മറ്റും വിപണിയിലെത്തുന്നതിനാൽ തന്നെ വിപണി സദാ സജീവവും ക്രിയാത്മകവുമായി നിലനിൽക്കും. ഓരോ ബ്രാൻഡുകളും അവരുടെ വളർച്ചയ്ക്കായി എല്ലാവിധ സഹായങ്ങളും സജ്ജമാക്കിക്കൊണ്ട് വ്യാപാരികൾക്കൊപ്പമുണ്ട്.

ഡീലർമാർക്കിടയിലും മറ്റും കണ്ടുവരുന്ന അനാവശ്യ മത്സരങ്ങളും, മാർജിനിലെ കുറവും മറ്റുമാണ്

വെല്ലുവിളിയാവുന്നുള്ളത്. ഫോണുകളുടെ ഭാവിയെ ഉപയോഗത്തെ കുറിച്ചുള്ള സർവേകളിൽ നിന്നും മറ്റും മനസിലാക്കാൻ സാധിക്കുന്നത് ഒരാൾ ഒരു ഫോൺ ശരാശരി 11 മാസമാണ് ഉപയോഗിക്കുന്നത് എന്നതാണ്. അതിനാൽ തന്നെ വിപണിയിലെ മറ്റ് മേഖലകളെ അപേക്ഷിച്ച് സാധ്യതയും വിപണിയുടെ സജീവ അന്തരീക്ഷവും വളരെ വലുതാണ്. വിപണിയിലെത്തുന്ന പുതിയ മോഡലുകളെയും സജ്ജീകരണങ്ങളെയും മനസിലാക്കിയിരിക്കുക എന്നതാണ് പ്രധാനം. ആദ്യകാലത്ത് വീട്ടിൽ ഒരു ഫോൺ എന്ന നിലയിൽ നിന്ന് ഇന്ന് ഒരോരുത്തരുടെയും കയ്യിൽ ഒന്നിലേറെ ഫോണുകൾ എന്ന നിലയിലേക്ക് മാറിയതും ലാപ്ടോപ്പ് വഴിയുള്ള ജോലികളുടെ അളവ് വർധിച്ചതുമെല്ലാം വിപണിക്ക് ഉണർവ് നൽകുന്നവയാണ്.

വിവരസാങ്കേതികതയുടെ നവ മേഖലകളിലേക്ക് എല്ലാവരെയും എത്തിക്കുകയെന്ന ദൗത്യവും ഓക്സിജൻ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിത്തന്നെ സാധാരണക്കാരെയും മികച്ച ഫോണുകളും മറ്റും സ്വന്തമാക്കാവുന്ന വിധത്തിലുള്ള നിരവധി ക്രിയാത്മകമായ സജ്ജീകരണങ്ങളും ഓക്സിജൻ നടപ്പിലാക്കിയിട്ടുണ്ട്.

കാലമത്രയും കാഴ്ചവെച്ച മികച്ച സേവനങ്ങളിലൂടെ ഇതിനോടകം തന്നെ നിരവധിയായ പുരസ്കാരങ്ങളാണ് ഇവർ കരസ്ഥമാക്കിയിട്ടുള്ളത്. അടുത്ത പടിയായി വിവര സാങ്കേതിക വിദ്യയുടെ അടുത്ത തലത്തിലേക്കാണ് ഓക്സിജൻ കാലെടുത്ത് വെയ്ക്കുന്നത്. റോബോട്ടിക് സംവിധാനങ്ങളുടെ വിപണനത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുകയാണ് ഓക്സിജൻ. ഇതിന്റെ ഭാഗമായി കൊച്ചി എംജി റോഡിൽ ആരംഭിക്കുന്ന ഷോറൂമിൽ റോബോട്ടുകളെയും അണിനിരത്തും. മനുഷ്യന്റെ ജോലികളും മറ്റും ചെയ്യുന്ന റോബോട്ടുകൾ ഭാവിയിലെ വിപണിയിൽ സാധ്യത ഏറിയതാണെന്നാണ് ഷിജോയുടെ അഭിപ്രായം. ഓരോ ജോലികൾക്കായി പ്രത്യേകം തയ്യാറാക്കുന്നവ മുതൽ വിവിധ ജോലികൾ ചെയ്യുന്നവ വരെയുണ്ട് അക്കൂട്ടത്തിൽ. ഇത്തരത്തിൽ വിപണി കണ്ടു ശീലിക്കുന്നതിന് മുമ്പേ തന്നെ ഉപഭോക്താക്കൾക്ക് മുന്നിൽ നവീനതയുടെ അത്ഭുത ലോകം തുറന്നിട്ടുകൊണ്ടാണ് ഓക്സിജൻ പ്രയാണം തുടർന്നത്. പ്രവർത്തനമാരംഭിച്ച് കേവലം പതിറ്റാണ്ടിനിപ്പുറമെത്തിനിൽക്കുമ്പോൾ, ജീവവായു പോലെ തന്നെ ടെക് ലോകത്ത് സർവ്വവ്യാപിയായി മാറിക്കഴിഞ്ഞിരിക്കുന്നു ഓക്സിജൻ. ■

